വെളിയം ഭാർഗവൻ അനുസ്മരണം

ഇരിങ്ങാലക്കുട : ദീർഘകാലം കമ്മ്യൂണിസ്റ്റ് പാർട്ടി സംസ്ഥാന സെക്രട്ടറിയായിരുന്ന വെളിയം ഭാർഗവന്റെ ഓർമദിനത്തിൽ സിപിഐ മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ അനുസ്മരണ യോഗം സംഘടിപ്പിച്ചു. മണ്ഡലം ഓഫിസിന് മുൻപിൽ മണ്ഡലം സെക്രട്ടറി എൻ.കെ. ഉദയപ്രകാശിന്റെ നേതൃത്വത്തിൽ പുഷ്പാർച്ചന നടത്തി. മണ്ഡലം സെക്രട്ടേറിയറ്റ് അംഗം കെ.എസ്. പ്രസാദ് അധ്യക്ഷത വഹിച്ചു. എഐഎസ്എഫ് ജില്ലാ സെക്രട്ടറി മിഥുൻ പോട്ടക്കാരൻ, ബെന്നി വിൻസെന്റ്, വി.എസ്. ഉണ്ണികൃഷ്ണൻ, സി. സുരേഷ് എന്നിവർ പങ്കെടുത്തു. കാറളം ലോക്കൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ കിഴുത്താണിയിൽ നടന്ന അനുസ്മരണ ദിനാചരണത്തിൽ സെക്രട്ടറി സുധീർദാസും കാറളം സെന്ററിൽ മുതിർന്ന സിപിഐ നേതാവ് കെ. ശ്രീകുമാറും പതാക ഉയർത്തി.

സംഘാടക സമിതി രൂപീകരിച്ചു

ചാലക്കുടി. നഗരസഭയുടെ സഹകരണത്തോടെ റസിഡന്റ്സ് അസോസിയേഷൻ കോർഡിനേഷൻ ട്രസ്റ്റ് (ക്രാക്റ്റ്) നടത്തുന്ന അഞ്ചാമത് ജോസ് പെല്ലിശേരി അഖില കേരള പ്രൊഫഷണൽ നാടക മേളയുടെ സംഘാടക സമിതി രൂപീകരിച്ചു. നഗരസഭാ ചെയർപേഴ്സൺ ആലിസ് ഷിബു ഉദ്ഘാടനം ചെയ്തു. ക്രാക്റ്റ് പ്രസിഡന്റ് പോൾ പാറയിൽ അധ്യക്ഷത വഹിച്ചു. ഷിബു വാലപ്പൻ, ലിജി ജോജി, റെയ്സൺ ആലുക്ക, വി.ജെ. ജോജി, ബിന്ദു ശശികുമാർ, ഉണ്ണികൃഷ്ണൻ, സുന്ദർദാസ്, കെ.കെ. ശ്രീനിവാസൻ, യു.കെ. വാസു, ജിതിൻ കാട്ടാളൻ സിമി അനൂപ്, ബീന ഡേവിസ്, സ്മിജ സണ്ണി, ക്രാക്റ്റ് സെക്രട്ടറി പി.ഡി. ദിനേശ്, വൈസ് പ്രസിഡന്റ്ലൂയിസ് മേലേപ്പുറം തുടങ്ങിയവർ പങ്കെടുത്തു. ബെന്നി ബഹനാൻ എംപി, സനീഷ്കുമാർ ജോസഫ് എംഎൽഎ, ക്രാക്റ്റ് രക്ഷാധികാരി ജോർജ് ടി. മാത്യു എന്നിവർ രക്ഷാധികാരികളായുള്ള 75 അംഗ സംഘാടക സമിതി രൂപീകരിച്ചു. നവം. രണ്ടാം തീയതി മുതൽ എട്ടാം തീയതി വരെ ചാലക്കുടി ഫാസ് ഓഡിറ്റോറിയത്തിൽ വൈകിട്ട് 6.30 മുതലാണ് മേള നടക്കുന്നത്.

ഭരണാനുമതി ലഭിച്ചു

ചാലക്കുടി: ചാലക്കുടി - ആനമല അന്തർസംസ്ഥാനപാതയിൽ പ്ലാന്റേഷൻ പരിസരം മുതൽ പിള്ളപ്പാറ പള്ളി പരിസരം (17 - 26 കി.മി) വരെയുള്ള റോഡ് നിർമാണ പ്രവൃത്തിക്ക് 7 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതായി സനീഷ്കുമാർ ജോസഫ് എംഎൽഎ അറിയിച്ചു. ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടത്തുന്ന റോഡ് നിർമാണ പ്രവൃത്തികളുടെ ഭാഗമായാണ് തമിഴ്നാടുമായി ബന്ധിപ്പിക്കുന്ന ഈ പാതയിലെ നിർമാണത്തിന് അനുമതി ലഭിച്ചിട്ടുള്ളത്. പൊതുമരാമത്ത് റോഡ് വിഭാഗത്തിന് നിർവഹണ ചുമതല നൽകിയിട്ടുള്ള പ്രവൃത്തിയുടെ തുടർനടപടികൾ വേഗത്തിലാക്കാൻ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയിട്ടുണ്ടെന്ന് എംഎൽഎ പറഞ്ഞു.

ലോഗോ പ്രകാശനം ചെയ്തു

ഇരിങ്ങാലക്കുട : നഗരസഭയിൽ 'സ്വച്ഛത ഹി സേവ ക്യാംപെയ്ന്റെ ലോഗോ പ്രകാശനം ചെയ്തു. നഗരസഭാ ചെയർമാൻ എം.പി. ജാക്സൺ പതാക ഉയർത്തി പദ്ധതിയുടെ നഗരസഭാതല ഉദ്ഘാടനം നിർവഹിച്ചു. വാർഡ് കൗൺസിലർമാർ, ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥർ, നഗരസഭയിലെ മറ്റ് ജീവനക്കാർ എന്നിവർ പങ്കെടുത്തു. ഒരു മാസത്തോളം നീണ്ടു നിൽക്കുന്ന ക്യാംപെയ്നിൽ പൊതുജന പങ്കാളിത്തത്തോടെയുള്ള ശുചീകരണ പ്രവർത്തനങ്ങൾ, സ്കൂൾ, കോളെജ് തലത്തിൽ വേസ്റ്റ് ടു ആർട്ട്, ആർആർആർ കളക്ഷൻസ്, വിവിധ മത്സരങ്ങൾ, ഫ്ലാഷ് മോബുകൾ തുടങ്ങിയ പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്.

ക്യാംപ് ഓഫിസ് തുറന്നു

കുന്നംകുളം: നിയമസഭാ തെരഞ്ഞെടുപ്പിൽ യുഡിഎഫ് സ്ഥാനാർഥിയായി കുന്നംകുളം നിയോജക മണ്ഡലത്തിൽ മത്സരിച്ചിരുന്ന കെപിസിസി ജനറൽ സെക്രട്ടറി പി.ടി. അജയ് മോഹന്റെ ക്യാംപ് ഓഫിസ് പ്രവർത്തനം തുടങ്ങി. കുന്നംകുളം - തൃശൂർ റോഡിൽ കാനറ ബാങ്കിന് പുറകുവശത്തായാണ് ഓഫിസ് ആരംഭിച്ചത്. മുൻ എംപി ടിഎൻ. പ്രതാപൻ ഉദ്ഘാടനം ചെയ്തു. മുൻ എംഎൽഎ ടി.വി. ചന്ദ്രമോഹൻ, ഒ. അബ്ദുറഹ്മാൻ കുട്ടി, അഡ്വ. സി ബി. രാജീവ്, നെൽസൻ ഐപ്പ്, ഗഫൂർ കടങ്ങോട്, കെ.സി. മൊയ്തുട്ടി, ജോസഫ് ചാലിശേരി എന്നിവർ പങ്കെടുത്തു.

മാലിന്യ ശേഖരണത്തിന് കവേർഡ് ടിപ്പറുകൾ

കോഴിക്കോട് കോർപറേഷൻ മാലിന്യ ശേഖരണത്തിന് പുറത്തിറക്കിയ കവേർഡ് ടിപ്പറുകൾ

കോഴിക്കോട്: നഗരത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുകയെന്ന ലക്ഷ്യത്തോടെ കേരള ഖരമാലിന്യ പരിപാലന പദ്ധതിയുടെ ഭാഗമായി ജൈവ മാലിന്യ ഗതാഗതത്തിനായി കോർപറേഷൻ രണ്ട് കവേർഡ് ടിപ്പറുകൾ പുറത്തിറക്കി.

കോർപറേഷൻ പരിധിയിൽ നിന്ന് ശേഖരിക്കുന്ന ജൈവ മാലിന്യം ചോർച്ചയും ദുർഗന്ധവും ഒഴിവാക്കി സുരക്ഷിതവും ശുചിത്വപരവുമായ രീതിയിൽ സംസ്കരണ കേന്ദ്രങ്ങളിലേക്ക് എത്തിക്കാനാണ് ഈ വാഹനങ്ങൾ ഉപയോഗിക്കുക. മേയർ വി. സദാശിവൻ വാഹനങ്ങൾ ഫ്ലാഗ് ഓഫ് ചെയ്തു. ക്ലീൻ കോഴിക്കോട്, ഗ്രീൻ കോഴിക്കോട് ലക്ഷ്യത്തോടെ മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നഗരത്തിന്റെ ശുചിത്വം ഉറപ്പാക്കുന്നതിനുമുള്ള നടപടികൾ തുടരുമെന്ന് മേയർ പറഞ്ഞു. ഡെപ്യൂട്ടി മേയർ ഡോ. എസ് ജയശ്രീ, സ്ഥിരം സമിതി അധ്യക്ഷരായ കെ. രാജീവൻ, സുജാത കൂടത്തിങ്കൽ, ക്ലീൻ സിറ്റി മാനെജർ ദിലീപ്, കെഎസ്ഡബ്ല്യുഎംപി ജില്ലാ ഡെപ്യൂട്ടി കോ-ഓർഡിനേറ്റർ ശ്യാം. എൻജിനീയർ കെ.പി. രമേഷ് തുടങ്ങിയവർ പങ്കെടുത്തു.

കോഴിക്കോട് ആസ്റ്റർ മിംസിൽ വിജയകരമായ 200 മജ്ജ മാറ്റിവെക്കൽ ശസ്ത്രക്രിയയുടെ പ്രഖ്യാപന ചടങ്ങിൽ നിന്ന്

ആസ്റ്റർ മിംസിൽ 200 മജ്ജ മാറ്റിവെക്കൽ ശസ്ത്രക്രിയകൾ വിജയകരമായി പൂർത്തീകരിച്ചു

കോഴിക്കോട്: ആസ്റ്റർ മിംസിൽ നിന്ന് 200 മജ്ജ മാറ്റിവെക്കൽ ശസ്ത്രക്രിയകൾ വിജയകരമായി പൂർത്തീകരിച്ചതിന്റെ ഭാഗമായി കാൻസർ അതിജീവിതരുടെ കൂട്ടായ്മയായ വേൾഡ് ഓഫ് സൂപ്പർ ഹീറോസിന്റെ സംഗമം സംഘടിപ്പിച്ചു. നിലവിൽ ചികിത്സയിൽ കഴിയുന്നവർക്ക് വലിയ മാനസിക പിന്തുണയും പ്രത്യാശയും നൽകുന്ന സംഗമത്തിൽ ഇരുനൂറിലധികം അതിജീവിതരും കുടുംബാംഗങ്ങളും പങ്കെടുത്തു. പ്രമുഖ സോഷ്യൽ മീഡിയ ഇൻഫ്ലുവൻസറും കാൻസറിനെ പൊരുതി തോൽപ്പിച്ച വ്യക്തിയുമായ റിദ്വാൻ മുഖ്യാതിഥിയായി. ആസ്റ്റർ മിംസിൽ നിന്ന് 200 മജ്ജ മാറ്റിവെക്കൽ ശസ്ത്രക്രിയകൾ വിജയകരമായി പൂർത്തീകരിച്ചതിന്റെ ഭാഗമായി മജ്ജ മാറ്റിവെക്കൽ ശസ്ത്രക്രിയയിലൂടെ രോഗത്തെ അതിജീവിച്ച ആറു വയസുകാരിയുടെ പിറന്നാൾ ആഘോഷവും വേറിട്ട അനുഭവമായി. ആസ്റ്റർ മിംസ് ഓങ്കോളജി വിഭാഗം മേധാവി ഡോ. കെവി ഗംഗാധരൻ, പീഡിയാട്രിക് ഹെമെറ്റോ ഓങ്കോളജിസ്റ്റ് ഡോ. എം.ആർ. കേശവൻ, ഹെമെറ്റോ ഓങ്കോളജിസ്റ്റും ബോൺമാരോ ട്രാൻസ്പ്ലാന്റ് ഫിസിഷ്യൻ ഡോ. വി. സുദീപ്, സിഒഒ ഡോ. ഗോപിനാഥ് മാമ്പള്ളികളം, ഹോൾ ടൈം ഡയറക്റ്റർ ഡോ. പി.എം. ഹംസ, സിഎംഎസ് ഡോ. എബ്രഹാം മാമ്മൻ, ഡോ. ശ്രീലിഷ്, ഡോ. അരുൺ ചന്ദ്രശേഖരൻ, ഡോ. സതീഷ് പത്മനാഭൻ, ഡോ. കാർത്തിക, ഡോ. പ്രതിഭ, ഡോ. സാറ വത്സൻ തുടങ്ങിയവർ പങ്കെടുത്തു.

കുടിവെള്ളക്ഷാമത്തിന് പരിഹാരമാകുന്നു

കുന്നംകുളം നഗരസഭയിൽ 19.90 കോടിയുടെ അമൃത് പദ്ധതി

കുന്നംകുളം: നഗരസഭാ അതിർത്തിയിൽ ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനായി അമൃത് 2.0 പദ്ധതിയിലുൾപ്പെടുത്തി അനുവദിച്ച 19.90 കോടി രൂപയുടെ കുടിവെള്ള പദ്ധതി പ്രവൃത്തികൾ ദ്രുതഗതിയിലാക്കാൻ തീരുമാനിച്ചു.

നഗരസഭയിൽ ചേർന്ന ഉന്നതതല ഉദ്യോഗസ്ഥരുടെ യോഗത്തിലാണ് ഇതുസംബന്ധിച്ച തീരുമാനമുണ്ടായത്. ടെൻഡർ നടപടികൾ പൂർത്തിയായ പദ്ധതിയിലൂടെ തൃത്താല വെള്ളിയാങ്കല്ലിൽ നിന്ന് പമ്പ് ചെയ്യുന്ന വെള്ളം കൂറ്റനാട്ടെ ഒരേക്കർ ഭൂമിയിൽ നിർമിക്കുന്ന പ്ലാന്റിലെത്തിച്ച് ശുദ്ധീകരിക്കും.

പ്രതിദിനം 15 ദശലക്ഷം ലിറ്റർ വെള്ളം ശുദ്ധീകരിക്കാൻ ശേഷിയുള്ളതാണ് നിർദിഷ്ട പ്ലാന്റ്. കൂറ്റനാട് ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്ന് ശുദ്ധീകരിക്കുന്ന വെള്ളം കുന്നംകുളത്തെ വൈഎംസിഎ ടാങ്ക്, തൃശൂർ റോഡിലുള്ള രണ്ട് ടാങ്കുകൾ, കുറുക്കൻപാറയിൽ നിർമാണത്തിലിരിക്കുന്ന 10 ലക്ഷം ലിറ്റർ ശേഷിയുള്ള ടാങ്ക് എന്നിവയിലേക്ക് പമ്പ് ചെയ്യും. അവിടെ നിന്നാണ് നഗരസഭയിലെ വിവിധ വാർഡുകളിലേക്ക് കുടിവെള്ളം വിതരണം ചെയ്യുക.

കൂടാതെ പദ്ധതിയുടെ ഭാഗമായി അടുപ്പൂട്ടിയിൽ ഒരു പുതിയ വാട്ടർ ടാങ്ക് കൂടി നിർമിക്കാൻ നിർദേശം നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തിയാകുന്നതോടെ നഗരസഭ നേരിടുന്ന കുടിവെള്ളക്ഷാമത്തിന് പൂർണ പരിഹാരമാകും.

2027 മാർച്ച് മാസത്തോടെ പദ്ധതിയുടെ 50 ശതമാനം നിർമാണ പ്രവൃത്തികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. നഗരസഭാ ചെയർപേഴ്സൺ സൗമ്യ അനിലൻ അധ്യക്ഷത വഹിച്ചു. വൈസ് ചെയർമാൻ പി.ജി. ജയപ്രകാശ്, പദ്ധതിയുടെ ചുമതലയുള്ള വാട്ടർ അഥോറിറ്റി നാട്ടിക ഡിവിഷൻ അസി. എക്സി. എൻജിനീയർ സജിത്ത്, അസി. എൻജിനീയർ ടി.ജെ. ചാന്ദിനി, അസി. എക്സി. എൻജിനീയർ നീലിമ, അസി. എൻജിനീയർ ഒ.ടി. ലിമി, മുനിസിപ്പൽ സെക്രട്ടറി കെ.കെ. മനോജ്, മുനിസിപ്പൽ എൻജിനീയർ ബിനയ് ബോസ്, അമൃത് പദ്ധതി കോർഡിനേറ്റർ ഷാരോൺ, പദ്ധതി കരാറുകാരായ ഫിൻസ് എൻജിനീയേഴ്സ് & കോൺട്രാക്ടേഴ്സ് പ്രതിനിധി സുരേഷ് തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

വ്യാജ ഫേസ്ബുക്ക് ഐഡിയിലൂടെ തട്ടിപ്പ്: പൊലീസ് അന്വേഷണം ആരംഭിച്ചു

വടക്കാഞ്ചേരി: വ്യാജ ഫേസ്ബുക്ക് ഐഡി വഴിയുള്ള തട്ടിപ്പ് വടക്കാഞ്ചേരിയിൽ വ്യാപകമാകുന്നു. തൃശൂർ അസി. പൊലീസ് കമ്മിഷ്ണറുടെ പേരും ഫോട്ടോയും ഉപയോഗിച്ച് വ്യാജ ഫേസ്ബുക്ക് അക്കൗണ്ട് ഉണ്ടാക്കി പണം തട്ടാൻ ശ്രമിച്ച കേസിൽ വടക്കാഞ്ചേരി പൊലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു. തെക്കുംകര സ്വദേശി പെരുമ്പള്ളിയിൽ വീട്ടിൽ സതീശന്റെ പരാതിയിലാണ് നടപടി. തൃശൂർ അസി. പൊലീസ് കമ്മിഷ്ണർ സുരേന്ദ്രന്റെ വ്യാജ പ്രൊഫൈലിൽ നിന്ന് പരാതിക്കാരന് ഫ്രന്റ്റിക്വസ്റ്റ് അയച്ച ശേഷമാണ് തട്ടിപ്പിന് തുടക്കമിട്ടത്. തുടർന്ന് വാട്സാപ്പ് വഴി ബന്ധപ്പെട്ട് ഗൃഹോപകരണങ്ങൾ വിൽപ്പന നടത്താനെന്ന് തെറ്റിധരിപ്പിച്ച് 95,000 രൂപ ആവശ്യപ്പെടുകയായിരുന്നു. ഓൺലൈൻ വഴി ആൾമാറാട്ടം നടത്തി പണം തട്ടാൻ ശ്രമിച്ച സംഭവത്തിൽ വിവിധ വകുപ്പുകൾ പ്രകാരമാണ് പൊലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചത്. അടുത്തിടെ സമാനമായ രീതിയിൽ നിരവധി പേരുടെ പണം നഷ്ടപ്പെട്ടിട്ടുണ്ട്.

ശുചീകരണ യജ്ഞം സംഘടിപ്പിച്ചു

തൃശൂർ: 'സ്വച്ഛതാ ഹി സേവാ 2026'-ന്റെ ഭാഗമായി തൃശൂർ സിവിൽ സ്റ്റേഷൻ പരിസരം ശുചീകരിക്കുന്നതിനായി യജ്ഞം സംഘടിപ്പിച്ചു. കേരളവർമ കോളെജ് എൻഎസ്എസ് യൂണിറ്റ്, ജില്ലാ ഭരണകൂടം, ശുചിത്വ മിഷൻ, കോർപ്പറേഷൻ എന്നിവരുടെ സഹകരണത്തോടെയാണ് പരിപാടി നടത്തിയത്. ജില്ലാ കലക്റ്റർ ശിഖ സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. അഡിഷണൽ ജില്ലാ മജിസ്ട്രേറ്റ് എം. സന്ദീപ്, ശുചിത്വ മിഷൻ ജില്ലാ കോർഡിനേറ്റർ രജനീഷ്, ഹുസൂർ ശിരസ്തദാർ അനൂപ്, അസി. കലക്റ്റർ എ.സി. പ്രീതി എന്നിവർ പങ്കെടുത്തു.

കാവീട് സെന്റ് ജോസഫ് പള്ളി നവീകരിച്ചു; പുനർ കൂദാശ ഇന്ന്

നവീകരിച്ച് കാവീട് സെന്റ് ജോസഫ് പള്ളി

ഗുരുവായൂർ: നവീകരിച്ച കാവീട് സെന്റ് ജോസഫ് പള്ളിയുടെ പുനർ കൂദാശ ഇന്ന് വൈകിട്ട് നാലു മണിക്ക് തൃശൂർ അതിരൂപതാ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് നിർവഹിക്കും. കാരയൂർ കുരിശു പള്ളി പരിസരത്തു നിന്ന് ആർച്ച് ബിഷപ്പിനെ കാവീട് ഇടവക ജനം ബാൻഡ് വാദ്യത്തോടെ പള്ളിയിലേക്ക് ആനയിക്കും. ഇടവക ജനം സംഭാവനയായി നൽകിയ ഒരു കോടി രൂപയിലധികം ചെലവഴിച്ചാണ് പള്ളിയുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തിയത്. ഇടവക വികാരി ഫാ. ഫ്രാൻസിസ് നീലങ്കാവിലും കൺസട്രക്ഷൻ കമ്മിറ്റിയുടെ കൺവീനർ ജോസ് കൊമ്പനുമാണ് നിർമാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിച്ചത്.

റെന്നി വിൻസൻസ്, ഫ്രാൻസിസ് സേവിയർ, സണ്ണി ജോസ് എന്നിവർ നിലവിലെ പള്ളി കൈക്കാരൻമാരായി പ്രവർത്തിക്കുന്നു. പുനർ കൂദാശയോടനുബന്ധിച്ച പൊതുസമ്മേളനം 26ന് വൈകിട്ട് 6.45ന് പാരിഷ് ഹാളിൽ നടത്തും. തുടർന്ന് എല്ലാ ഇടവക അംഗങ്ങൾക്കും സ്നേഹ വിരുന്നും ഒരുക്കിയിട്ടുണ്ട്.

ബിജെപി ത്രിദിന പഠന ശിബിരം ഇന്ന് സമാപിക്കും

ബിജെപി തൃശൂർ സിറ്റി ജില്ലാ കമ്മിറ്റിയുടെ പഠന ശിബിരം ദേശീയ നിർവാഹക സമിതി അംഗം സി.കെ. പത്മനാഭൻ ഉദ്ഘാടനം ചെയ്യുന്നു

തൃശൂർ: ബിജെപി തൃശൂർ സിറ്റി ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ത്രിദിന പഠന ശിബിരം ദേശീയ നിർവാഹക സമിതി അംഗം സി.കെ. പത്മനാഭൻ ഉദ്ഘാടനം ചെയ്തു. പത്ത് വർഷത്തെ ഭരണത്തിന് ശേഷം ഇടതുപക്ഷം കേരളത്തെ കടുത്ത പ്രതിസന്ധിയിലാക്കിയാണ് മാറിയതെന്ന് അദ്ദേഹം ആരോപിച്ചു.

കഴിഞ്ഞ നൂറ് ദിവസത്തെ യുഡിഎഫ് ഭരണത്തിലും ജനങ്ങൾക്ക് ആശ്വാസമുണ്ടായിട്ടില്ല. ഇടതും വലതും രണ്ടല്ല ഒന്നാണ്. വ്യത്യസ്ത മുന്നണികളാണെങ്കിലും അഴിമതിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പരസ്പരം സംരക്ഷിക്കുന്ന നിലപാടാണ് ഇരുമുന്നണികളും സ്വീകരിക്കുന്നത്. പിണറായി വിജയനെ സംരക്ഷിക്കാനുള്ള ശ്രമമാണ് ഇടതുപക്ഷം നടത്തുന്നതെന്നും എൻഫോഴ്സ്മെന്റ് ഡയറക്റ്ററേറ്റിനെതിരായ പ്രമേയത്തിലൂടെ അഴിമതി സംരക്ഷിക്കാനാണ് ശ്രമമെന്നും സി.കെ. പത്മനാഭൻ ആരോപിച്ചു. കേന്ദ്രസർക്കാർ നടപ്പാക്കുന്ന വിവിധ പദ്ധതികളും നരേന്ദ്ര മോദി സർക്കാരിന്റെ വികസന പ്രവർത്തനങ്ങളും തൃശൂർ എംപിയും കേന്ദ്രമന്ത്രിയുമായ സുരേഷ് ഗോപി വിശദീകരിച്ചു. കേന്ദ്രസർക്കാരിന്റെ പദ്ധതികളുടെ പ്രയോജനം സാധാരണക്കാരിലേക്ക് എത്തിക്കുന്നതിൽ ജനപ്രതിനിധികളുടെയും പാർട്ടി പ്രവർത്തകരുടെയും ഇടപെടൽ പ്രധാനമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

വികസന പ്രവർത്തനങ്ങളും കേന്ദ്രപദ്ധതികളും സംബന്ധിച്ച വിവരങ്ങൾ ജനങ്ങളിലേക്ക് കൃത്യമായി എത്തിക്കണമെന്നും സുരേഷ്ഗോപി പറഞ്ഞു. ബിജെപിസിറ്റി ജില്ലാ പ്രസിഡന്റ് ജസ്റ്റിൻ ജേക്കബ് അധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. എസ്. സുരേഷ്, എം.ടി. രമേശ്, സംഘടനാ സെക്രട്ടറി കെ.വി. സുരേഷ്ബാബു, എൻഡിഎ വൈസ് ചെയർമാൻ എ.എൻ. രാധാകൃഷ്ണൻ, ദേശീയ സമിതി അംഗം പി.കെ. കൃഷ്ണദാസ്, സംസ്ഥാന വൈസ് പ്രസിഡന്റ് ഉണ്ണികൃഷ്ണൻ മാസ്റ്റർ, സംസ്ഥാന സെക്രട്ടറി എം.വി. ഗോപകുമാർ തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ ക്ലാസുകൾ എടുത്തു.മുൻ സംസ്ഥാന പ്രസിഡന്റ് കെ.വി. ശ്രീധരൻ മാസ്റ്റർ, സംസ്ഥാന വൈസ് പ്രസിഡന്റ് അഡ്വ. കെ.കെ. അനീഷ് കുമാർ, മേഖലാ പ്രസിഡന്റ് എ. നാഗേഷ്, മേഖലാ ജനറൽ സെക്രട്ടറിമാരായ രവികുമാർ ഉപ്പത്ത്, സേവ്യൻ പള്ളൻ, ജില്ലാ ജനറൽ സെക്രട്ടറിമാരായ അഡ്വ. കെ.ആർ. ഹരി, പി.കെ. ബാബു, സുജയ് സേനൻ എന്നിവർ പങ്കെടുത്തു.

ജില്ലാ വൈസ് പ്രസിഡന്റുമാരായ സുധീഷ് മേനോത്ത് പറമ്പിൽ, സബീഷ് മരതയൂർ, അനീഷ് ഇയാൽ, ഹരി സി. നരേന്ദ്രൻ, പ്രിന്റു മഹാദേവ് എന്നിവർ നേതൃത്വം നൽകി. വെങ്കിടങ്ങിൽ നടക്കുന്ന പഠന ശിബിരം ഇന്ന് സമാപിക്കും.

HDB FINANCIAL SERVICES എച്ച്ഡിബി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ്

രജിസ്റ്റർ ചെയ്ത ഓഫിസ്: രാധിക, രണ്ടാം നില, ലോ ഗാർഡൻ റോഡ്, നവരംഗ്പുര, അഹമ്മദാബാദ്-09,
ബ്രാഞ്ച് ഓഫിസ്:- രണ്ടാം നില, ഡോർ നമ്പർ.14/488/26 TC, സൺ സിറ്റി കോംപ്ലക്സ്, Sh22 റോഡ്, കൂർക്കഞ്ചേരി സർവീസ് കോ-ഓപ്പ് ബാങ്കിന് സമീപം, തൃശൂർ -680007-കേരളം

ലേല വിൽപ്പന നോട്ടീസ്, ഇ-ലേല വിൽപ്പന നോട്ടീസ്

(വായ്പ്പക്കാരൻ/സഹവായ്പ്പക്കാരൻ/പൊതുജനങ്ങൾ എന്നിവർക്കായി) (2002 സർഫേസി ആക്റ്റിലെ റൂൾ 8(6), കീഴിൽ, റൂൾ 9(1) ഒപ്പം വായിക്കുക.

സെക്യൂരിറ്റൈസേഷൻ ആൻഡ് റികൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇൻട്രെസ്റ്റ് ആക്റ്റ്, 2002-ലെ റൂൾ 9(1) പ്രകാരം, സെക്യൂരിറ്റി ഇൻട്രസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ്, 2002-ഉം അനുബന്ധ നിയമങ്ങളും അനുസരിച്ച്, ജപ്തി ചെയ്ത വസ്തുവിന്റെ ഇ-ലേല വിൽപ്പന സംബന്ധിച്ച പൊതു അറിയിപ്പ്.
സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇൻട്രസ്റ്റ് ആക്റ്റ് 2002 പ്രകാരം, എച്ച്ഡിബി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡിന്റെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, താഴെ പറയുന്ന ലോൺ അക്കൗണ്ടിന്റെ ഭാഗമായി സെക്യുവേർഡ് ക്രെഡിറ്റർക്ക് ഈടായി നൽകിയിട്ടുള്ളതും, ഇപ്പോൾ ഏറ്റെടുത്തിട്ടുള്ളതുമായ സ്ഥാവര വസ്തുവകകൾ 'എവിടെയാണോ, അവിടെ അതേപടി', 'എന്താണോ, അത് അതേപടി' എന്ന വ്യവസ്ഥയിൽ വിൽക്കുന്നതിനുള്ള അവകാശം കമ്പനിക്കുണ്ട്. ആയതിനാൽ, പൊതുജനങ്ങൾക്കായി ഒരു അറിയിപ്പ് നൽകുന്നു. https://www.bankeauctions.com എന്ന വെബ്സൈറ്റ് വഴി ഞങ്ങൾ ഒരു പൊതു ഇ-ലേലം നടത്താൻ പോകുന്നു. ഇത് പൊതുജനങ്ങളെ അറിയിക്കുന്നതിനായിട്ടുള്ളതാണ്.

[A]	[B]	[C]	[D]	[E]	[F]	[G]
S. No.	അക്കൗണ്ട് നമ്പർ & വായ്പ്പക്കാരന്റെ, സഹവായ്പ്പക്കാരന്റെയും മോർട്ട്ഗേജറുടെയും പേര്	ആകെ കുടിശിക തുക	വസ്തുവിന്റെ/വസ്തുക്കളുടെ വിശദാംശങ്ങൾ	റിസർവ് തുക നിരതദ്രവ്യ നിക്ഷേപം ബിഡ് വർധന തുക (രൂപയിൽ)	ലേലത്തിയതിയും സമയവും ഇഎംഡി സമർപ്പിക്കേണ്ട അവസാന തിയതി	ജപ്തിയുടെ തരം
1	**Account No.37692363, 38485885** 1. കെമിക് കെമിക്കൽസ്, ഗ്രൗണ്ട് ഫ്ലോർ, ഡോർ നമ്പർ 36/5087, ഓൾഡ് നമ്പർ 29/54/3A, ഡോ. എ.ആർ. മേനോൻ റോഡ് ബ്രൈറ്റ് ആൻഡ് ലോഡ്ജിങ് ബിൽഡിങ്, തൃശൂർ, തൃശൂർ-680001, കേരള 2. റോയി സി എഫ് ചേവൂക്കാരൻ ഹൗസ്, പുത്തനങ്ങാടി റോഡ്, അരണാട്ടുകര പിഒ, തൃശൂർ, തൃശൂർ-680618, കേരള, 3. ലേഖ റാണി, മേലപ്പാട്ട് ഹൗസ്, ഗ്രാമള കിള്ളന്നൂർ തൃശൂർ, തൃശൂർ-680581, കേരള, 4. രാമചന്ദ്രൻ എം., മേലപ്പാട്ട് ഹൗസ്, ഗ്രാമള കിള്ളന്നൂർ തൃശൂർ, തൃശൂർ-680581, കേരള.	Rs. 1,45,65,076.13 (ഒരു കോടി നാൽപ്പത്തഞ്ചു ലക്ഷത്തി അറുപത്തയ്യായിരത്തി എഴുപത്താറു രൂപ പതിമൂന്നു പൈസ മാത്രം) 15-05-2025ന് കുടിശ്ശികയു ള്ളത്, മുഴുവൻ തുകയും തിരിച്ചടയ്ക്കുന്നതു വരെ തുടർന്നുള്ള പലിശ/ ആകസ്മിക ചെലവുകൾ/ മറ്റു ചെലവുകൾ എന്നിവ സഹിതം.	സർവെ നമ്പർ 330/1-2ലെ 05.87 ആർ അളവു വരുന്ന ഭൂമി എല്ലാവിധ അവകാശങ്ങളും സഹിതം, ടിപി നമ്പർ 8864/A, കിള്ളന്നൂർ വില്ലേജ്, തൃശൂർ താലൂക്ക്, മുളംകുന്നത്തുകാവ് ഗ്രാമപഞ്ചായത്തിലെ 2/578/A നമ്പർ കെട്ടിടം സഹിതം, തൃശൂർ ജില്ലയിലെ തൃശൂർ എസ്ആർഒയിലെ 05/09/2007 തിയതി വച്ചുള്ള 6349/2007 നമ്പർ സെറ്റിൽമെന്റ് ഡീഡ് പ്രകാരം മിസ്റ്റർ എം. രാമചന്ദ്രന്റെ പേരിലുള്ളത്. പ്രോപ്പർട്ടിയുടെ അതിർത്തി കൾ കിഴക്ക്: റോഡ്, പടിഞ്ഞാറ്: റെയിൽവേ വഴി, വടക്ക്: കൊട്ടാരത്തിൽ വേണുഗോപാലന്റെ പ്രോപ്പർട്ടി, തെക്ക്: ഇയ്യാനിക്കാട്ടിൽ സുനിലിന്റെ പ്രോപ്പർട്ടി.	Rs.1,31,87,610/- Rs.13,18,761/- Rs.1,00,000/-	13/10/2026 at 11 a.m. to 12Noon, 12/10/2026 up to 06:00 p.m	ജപ്തി
			എച്ച്ഡിബിക്ക് അറിയാവുന്ന ബാധ്യതകൾ/ഉത്തരവാദിത്തം: ഇല്ല			

1. ലോഗിൻ ഐഡിയും പാസ്‌വേഡും സൃഷ്ടിക്കുന്നതിനോ, വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിനോ, ബിഡ് രേഖകൾ സമർപ്പിക്കുന്നതിനോ, ഓൺലൈൻ 'ഇന്റർ-സെ ബിഡിംഗ്' സംബന്ധിച്ച പരിശീലനത്തിനോ ഡെമോൺസ്ട്രേഷനോ സഹായം ആവശ്യമുള്ള താൽപ്പര്യമുള്ള ബിഡ്ഡർമാർക്ക്.. ബന്ധപ്പെടേണ്ട വിലാസം: 1) മെസ്സേഴ്സ് സി1 ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, മിസ്റ്റർ ധരണി കൃഷ്ണ, പ്ലോട്ട് നമ്പർ-68, മൂന്നാം നില, സെക്ഷൻ-44, ഗുഡ്ഗാവ്, ഹരിയാന-122003. ഇ-മെയിൽ ഐഡി: support@bankeauctions.com, സഹായത്തിനായുള്ള ഹെൽപ്പ്ലൈൻ നമ്പറുകൾ: 91-7291981124/25/26. വിൽപന സംബന്ധിച്ച അന്വേഷണങ്ങൾക്ക്: sales@bankeauctions.com, 7291981129. വിശദാംശങ്ങൾക്കും സഹായത്തിനും, ലേലത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർക്ക് ഇവരുമായി ബന്ധപ്പെടാം - രഞ്ജിത്ത് കെ.കെ. (9746294323), അശ്വിൻ ഗോപിനാഥ് (8137871514), ഉമേഷ് കുമാർ (9645099666). 2. ലേലത്തിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്നവർക്ക് മാനേജരിൽ നിന്ന് ടെണ്ടർ ഫോമുകൾ ലഭിക്കാവുന്നതാണ്, രണ്ടാം നില, ഡോർ നമ്പർ.14/488/26 TC, സൺ സിറ്റി കോംപ്ലക്സ്, SH22 റോഡ്, കൂർക്കഞ്ചേരി സർവീസ് കോ-ഓപ്പ് ബാങ്കിന് സമീപം, തൃശൂർ -680007-കേരളം

തിയതി: 19.09.2026 സ്ഥലം: തൃശൂർ

ഒപ്പ്/- അംഗീകൃത ഓഫിസർ, M/s.എച്ച്ഡിബി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ്

തൃശൂരിൽ നടന്നത്

കേരള കോൺഗ്രസിലെ സുഹൃത്തുക്കളുടെ സംഗമം: അഡ്വ. തോമസ് ഉണ്ണിയാടൻ

ഇരിങ്ങാലക്കുട : കോൺഗ്രസ് സ്വന്തം പാർട്ടി പോലെയാണെന്നും കോൺഗ്രസിനോടൊപ്പം ചേർന്നു നിന്നിട്ടുള്ള ഒരു കേരള കോൺഗ്രസുകാരനാണ് താനെന്നും അഡ്വ. തോമസ് ഉണ്ണിയാടൻ എംഎൽഎ. കഴിഞ്ഞ ദിവസം തൃശൂരിൽ കേരള കോൺഗ്രസ് സൗഹൃദ കൂട്ടായ്മ നൽകിയ സ്നേഹാദരത്തിന് പിന്നാലെ ഉണ്ടായ വിവാദങ്ങളിൽ പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

50 വർഷം മുൻപ് കേരള കോൺഗ്രസിന്റെ വിദ്യാർഥി സംഘടനയിൽ പ്രവർത്തിച്ച് രാഷ്ട്രീയത്തിൽ ഹരിശ്രീ കുറിച്ച ആളാണ് താൻ. തുടർന്ന് കോളെജ് ചെയർമാൻ, അഭിഭാഷക വിങ് പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിച്ചു. 2001, 2006, 2011 വർഷങ്ങളിലും ഒരു ഇടവേളയ്ക്ക് ശേഷം 2026ലും എംഎൽഎ ആയി. 25 വർഷം എംഎൽഎയായതിന്റെ സന്തോഷം പങ്കു വെക്കാൻ എല്ലാ ജില്ലകളിൽ നിന്നും പ്രിയപ്പെട്ട സുഹൃത്തുക്കൾ വിളിക്കുമ്പോൾ പോകാറുണ്ട്. അത്തരത്തിൽ ഒരു പരിപാടിയായിരുന്നു വെള്ളിയാഴ്ച തൃശൂർ സാഹിത്യ അക്കാഡമി ഹാളിലും നടന്നത്. തൃശൂരിൽ നടന്നത് കേരള കോൺഗ്രസ് പാർട്ടിക്കുള്ളിലെ സുഹൃത്തുക്കളുടെ സംഗമമായിരുന്നു. പാർട്ടിയിൽ വീണ്ടും പിളർപ്പുണ്ടാകുമെന്നൊന്നും അതിന് അർഥമില്ല. കക്ഷിരാഷ്ട്രീയത്തിനും ജാതി മതങ്ങൾക്കും അതീതമായി ഇരിങ്ങാലക്കുടയിലെ ജനങ്ങളുടെ വിഷയങ്ങളിൽ ഇടപെട്ടും പ്രാദേശിക വികസനം ശ്രദ്ധിച്ചുമാണ് മുന്നോട്ട് പോകുന്നതെന്നും ഉണ്ണിയാടൻ വ്യക്തമാക്കി.

WE ARE HIRING!
JOIN OUR DIGITAL TEAM
MARKETING EXECUTIVE
(DIGITAL SEGMENT)

We're looking for a result-driven Marketing Executive with **experience in revenue generation and digital marketing** to drive growth, build strong brand presence and deliver impact.

WHO SHOULD APPLY?
- Proven experience in digProven experience in digital marketing& revenue generation
- Strong understanding of online platforms,audience trends & advertising
- Goal-oriented, creative and analytical mindset

WHAT YOU'LL DO
- Drive revenue through digital initiatives
- Plan & execute marketing campaigns
- Build partnerships & brand collaboration
- Analyze performance & optimize results

READY TO MAKE AN IMPACT? WE WANT TO HEAR FROM YOU!

SEND YOUR RESUME
☎ +91 9605550565 | hr@metrovaartha.com